## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1423

02.03.2017-ൽ മറുപടിക്ക്

### മത്സ്യത്തൊഴിലാളികൾക്ക് നൽകി വരുന്ന സഹായങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.തോമസ് ചാണ്ടി | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികൾക്ക് നൽകി വരുന്ന വിവിധ സഹായങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി ഫിഷറീസ് വകുപ്പ് നേരിട്ടും വകുപ്പിന്റെ കീഴിലുള്ള ഏജൻസികൾ മുഖേനയും വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.<br><br>മത്സ്യത്തൊഴിലാളികൾക്ക് സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം പഞ്ഞ മാസങ്ങളിൽ 1500/- രൂപ വീതം 3 മാസം മൊത്തം 4500/- രൂപ നൽകി വരുന്നു. പഞ്ഞ മാസങ്ങളിൽ തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സിവിൽ സപ്ലൈസുമായി ചേർന്ന് സൗജന്യ റേഷൻ നൽകുന്നുണ്ട്.<br><br>മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനായി 2 ലക്ഷം രൂപയും ഭവന പുനരുദ്ധാരണത്തിനായി 50,000/- രൂപയും സാനിട്ടേഷൻ പദ്ധതിയ്ക്ക് 17,500/- രൂപയും നൽകി വരുന്നു. കൂടാതെ കോളനി നവീകരണ പദ്ധതിയും നടപ്പിലാക്കി വരുന്നു. ഭൂരഹിത ഭവന രഹിത മത്സ്യത്തൊഴിലാളികൾക്ക് വീട് വെയ്ക്കുന്നതിന് സ്ഥലം വാങ്ങുന്നതിന് 6 ലക്ഷം രൂപ ധനസഹായവും രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് നൽകുന്ന അതേ നിരക്കിൽ വിദ്യാഭ്യാസ ആനുകൂല്യവും നൽകുന്നുണ്ട്.<br><br>കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ മത്സ്യത്തൊഴിലാളികൾക്കും ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നു. മത്സ്യത്തൊഴിലാളി/ അനുബന്ധ മത്സ്യത്തൊഴിലാളി/ വിധവ പെൻഷണർമാർക്ക് 1000/- രൂപ വീതം പ്രതിമാസം പെൻഷൻ നൽകിവരുന്നു. |

| | | | |
|---|---|---|---|
| | | | മത്സ്യഫെഡിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്കും മത്സ്യ വിപണന സംവിധാനങ്ങൾ വിപുലീകരിക്കുന്നതിനും ആവശ്യമായ വായ്പ ലഭ്യമാക്കുക, സംഘങ്ങൾക്ക് മത്സ്യസംസ്കരണത്തിന് അടിസ്ഥാന സൗകര്യം ഉറപ്പാക്കുക, മത്സ്യ ലേലം ശക്തിപ്പെടുത്തുന്നതിന് പ്രവർത്തന മൂലധനം ലഭ്യമാക്കുക, മത്സ്യത്തൊഴിലാളികൾക്ക് മൈക്രോഫിനാൻസ് പദ്ധതി, മത്സ്യത്തൊഴിലാളി വനിതകൾക്ക് പലിശരഹിത വായ്പ, ഉപകരണ സുരക്ഷ പദ്ധതി, സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണം ചെയ്യുന്ന പദ്ധതി, നാടൻ വള്ളങ്ങളുടെ നവീകരണം, അപകട ഇൻഷുറൻസ് പദ്ധതി തുടങ്ങി വിവിധ പദ്ധതികൾ മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്നു.<br><br>മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേരള തീരദേശ വികസന കോർപ്പറേഷൻ മുഖേന കുടിവെള്ളം, വൈദ്യുതീകരണം, തീരദേശ സ്കൂളുകളുടേയും ഫിഷറീസ് ഡിസ്പെൻസറികളുടെയും പുനരുദ്ധാരണ പ്രവർത്തനങ്ങൾ, ആധുനിക മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം, അംഗൻവാടി, ലൈബ്രറി, ഹൈമാസ്റ്റ് ലൈറ്റ് എന്നിവയുടെ നിർമ്മാണം, മൂല്യ വർദ്ധിത മത്സ്യഉൽപ്പന്നങ്ങളുടെ നിർമ്മാണം തുടങ്ങി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>മത്സ്യത്തൊഴിലാളി വനിതകളുടെ ക്ഷേമത്തിനായി സാഫ് മുഖേന തീരമൈത്രി പദ്ധതി നടപ്പിലാക്കുന്നു. സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക, സാങ്കേതിക പരിപാലന സഹായം, ഫിഷ് വെൻഡിംഗ് യൂണിറ്റ്, തീരനൈപുണ്യ പദ്ധതി, പുനർജനി ലഹരി വിരുദ്ധ ക്യാമ്പയിൻ, സൗജന്യ മെഡിക്കൽ ക്യാംപ്, മത്സ്യത്തൊഴിലാളി സ്ത്രീ ബോധവത്കരണ പരിപാടി, പലിശ രഹിത വായ്പ, തുടങ്ങി വിവിധ പദ്ധതികൾ സാഫ് മുഖേന നടപ്പിലാക്കുന്നു. |
| (ബി) | ഇവരുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വിദഗ്ദ്ധ സമിതിയെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ